STATEMENT BY SPEAKER.

RE: QUESTIONS AND ANSWERS.

[9 A. M.]

MR. SPEAKER: Order, Order. Rule 41 lays down that in respect of questions posted for oral answers for a particular day and not called for answer during the question hour, the answers in respect of these questions shall be laid on the table of the Assembly. Shri K. Krishna Pillai raised a point whether this rule is not being followed. Members may be aware from past practice that answers to questions both starred and unstarred posted for a day, received from Government, are placed in the Library at 12 noon every day for the information of the members. I am sure that members are referring to these answers in the Library. It may be that in some cases the answers to questions posted for a day may not be received on that day but received subsequently. These answers arranged date-war in the serial order are also placed in the Library for the reference of member and members are duly notified of the fact by means of the Assembly Bulletin. This practice adopted in previous Sessions is being continued. The first list of this nature for the current Session has been placed in the Library yesterday as may be seen from the Assembly Bulletin, Part II No. 181, circulated.

Statement by Shri T. V. Thomas re: Sathyagraha by Shri Srikantan Nair.

ശ്രീ. ടി. വി. തോമസ്: സർ, വളരെ പ്രധാനപ്പെട്ട ഒരുകാര്യം ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. സഖാവു് ശ്രീകണ്ഠൻനായർ കഴിഞ്ഞ രണ്ടദിവസങ്ങളായി, നിരാഹാരവ്രതം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണു്. അദ്ദേഹത്തിന്റെ ആരോഗ്യം വളരെ അധഃപതിച്ചിരിക്കുന്നുവെന്നും, കഴിഞ്ഞ ദിവസം കോടതിയിൽ ഹാജരാക്കിയപ്പോൾ അദ്ദേഹം വളരെ അവശനായി കാണപ്പെട്ടുവെന്നും പത്രങ്ങളിൽ റിപ്പോർട്ടു കാണുന്നു. തുടർച്ചയായി വാനിൽക്കയറി കോടതിയിൽക്കൊണ്ടുപോകുകയും തിരിയെ കൊണ്ടുവരികയും ചെയ്യുന്നതുനിമിത്തം അദ്ദേഹത്തിന്റെ ആരോഗ്യത്തിനു് പെട്ടെന്നു ദോഷം നേരിട്ടുമെന്നു് ഞങ്ങൾക്കു് ഉൽക്കണ്ഠയുണ്ടു്. സഖാവു് നടത്തുന്ന സമരത്തോടു് ഞങ്ങൾക്കു് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, അനേകം ആളുകൾ അദ്ദേഹത്തിന്റെ ആരോഗ്യനിലയിൽ ഉൽക്കണ്ഠയുള്ളവരായി ഇന്നുണ്ടെന്നു് അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ അവശനിലയിൽ അദ്ദേഹത്തെ വാനിൽക്കയറി അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകാതെ വളരെ സ്വസ്ഥനായി ഇരിക്കുന്നതിനും, അവശത പരിഹരിക്കാനും വേണ്ട ഏർപ്പാടുകൾ ചെയ്യുണമെന്നു് ഈ നാട്ടിലെ വളരെയധികം ആളുകളുടെ പേരിൽ ഞാൻ അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ചെയ്യുന്നതിൽ വിരോധമില്ല. ശ്രീ. ഈനൻനായർക്ക് ക്ഷീണമുണ്ടെന്നു് പത്രങ്ങളിൽവായിച്ചു. ഇക്കാര്യത്തിൽ എനിക്കും വളരെ ഉൽക്കണ്ഠയുണ്ടു്. ഏതുവിധത്തിലാണു് അദ്ദേഹത്തിനു് ആയാസമില്ലാതെ കഴിയാൻ സാധിക്കുക അതിലേയ്ക്കു് ബഹുമാനപ്പെട്ട മെംബറും മറ്റുള്ളവരുമായി ആലോചിച്ചു് എന്തുനടപടി വേണമെങ്കിലും സ്വീകരിക്കാൻ ഞാൻ തയ്യാറാണു്.

DR. A. R. MENON: I would request the Government to seriously consider the advisability of closing this deplorable episode by taking necessary action. Whatever may be the merits or demerits of the question, we are actually playing with fire. I trust that Government will take appropriate steps in this matter.

SHRI PANAMPILLI GOVINDA MENON: I am prepared to have a talk on this matter with any member of this House or the representatives of the Union at any time regarding the solution of this problem which I hope can be solved. I hope Mr. Divakaran will consider the matter.

Alteration in the Agenda of the day.

ശ്രീ. ടി. വി. തോമസ്: മറ്റൊരു കാര്യംകൂടി എനിക്കു പറയാനുണ്ടു്. ഇന്നലെ ഞങ്ങൾക്കു വിതരണംചെയ്ത അജൻഡായിൽ, ട്രാവൻകൂർ–കൊച്ചിൻ റിക്രൂസിഷനിംഗ് ആൻഡ് അക്വിസിഷൻ ആക്ട് പ്രാപ്പർട്ടി ബിൽ, ട്രാവൻകൂർ–കൊച്ചിൻ കാമ്പൻസേഷൻ ഫാർ ടെനൻറ്സ് ഇംപ്രൂവ്മെൻറ്സ് ബിൽ, ട്രാവൻകൂർ–കൊച്ചിൻ ഇറിഗേഷൻ ബിൽ എന്നിങ്ങനെ ചേർത്തിട്ടുണ്ടായിരുന്നു. അതിൽ ട്രാവൻകൂർ-കൊച്ചിൻ റിക്വിസിഷനിംഗ് ആൻഡ് അക്വിസിഷൻ ആക്ട് പ്രാപ്പർട്ടി ബിൽ ചർച്ചയ്ക്കെടുത്തു് പൂർത്തിയാക്കാതെ ഇന്നത്തേയ്ക്കു മാറ്റിവയ്ക്കുകയുണ്ടായി. ഇന്നു് ഞങ്ങൾക്കു തന്നിരിക്കുന്ന അജൻഡായിൽ, ട്രാവൻകൂർ–കൊച്ചിൻ റിക്വിസിഷനിംഗ് ആൻഡ് അക്വിസിഷൻ ആക്ട് പ്രാപ്പർട്ടി ബിൽ കഴിഞ്ഞാൽ ട്രാവൻകൂർ–കൊച്ചിൻ ഇറിഗേഷൻ ബിൽ എന്നാണു് കാണുന്നതു്. അതായതു് ഇന്നലെ ചർച്ചയ്ക്കുവേണ്ടി അജൻഡായിൽ ചേർത്തിരുന്ന ട്രാവൻകൂർ–കൊച്ചിൻ കാമ്പൻസേഷൻ ഫാർ ടെനൻറ്സ് ബിൽ ഇന്നത്തെ അജൻഡായിൽനിന്നും മാറ്റിയിരിക്കുകയാണു്. ഭരണഘടനാഭേദഗതിബില്ലുകളിൽ ചിലതെങ്കിലും ഈ അസംബ്ലിയിൽ ചർച്ചയ്ക്കു കൊണ്ടുവരുമെന്നു് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ഈ രാജ്യത്തെ ജനങ്ങൾക്കു് നന്മചെയ്യുന്ന കാര്യത്തിൽ ഈ മന്ത്രിമാരെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പ്രതീക്ഷ അസ്ഥാനത്താണെന്നു തോന്നുന്നു. രൂപീകരിച്ചു്, സെക്ഷൻ 17 പാസ്സാക്കുന്നതു് ഗവണ്മെൻറ് ബിസിനസ് അല്ലാതാക്കുന്നതു്, അതായതു് ദിവസവും അജൻഡാ തയ്യാറാക്കുന്നതു് സ്പീക്കർ, ലീഡർ ഓഫ് ദി ഹൗസുമായികൺസൾട്ടുചെയ്തു് സ്പീക്കറുടെ അനുമതിയോടുകൂടി വേണമെന്നാണു്. അങ്ങനെ സ്പീക്കറുടെ അനുമതിയോടുകൂടിയാണു് ഈ മാറ്റം ഇന്നത്തെ അജൻഡായിൽ വരുത്തിയതു്, അല്ല സെക്രട്ടറി സ്വന്തനിലയിൽതയ്യാറാക്കിയതാണോ എന്നറിഞ്ഞാൽക്കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly